1. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും എ.ബി, സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, നിലവിലുള്ള അലൂമിനിയം കമ്പികൾ ഒഴിവാക്കി ACSR കമ്പികൾ ഉപയോഗിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ.

2. 11 കെ.വി.യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും നടത്തുക.

മേൽപ്പറഞ്ഞ കർമ്മപദ്ധതികളിലൂടെയും മറ്റ് നടപടികളിലൂടെയും വൈദ്യുത അപകടങ്ങൾ പരമാവധി ഒഴിവാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടേയും കരാർ തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

31 (2232) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എന്തെല്ലാം പദ്ധതികളാണ് ഉൽപ്പാദനരംഗത്ത് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഇത്തരം പദ്ധതികളിൽ ഉൽപ്പാദനലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വൈദ്യുത പദ്ധതികൾ താഴെപ്പറയുന്നയാണ്:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. 2011-12 ബഡ്ജറ്റ്

വൈദ്യുതി ബോർഡിന്റെ പദ്ധതികൾക്കു പുറമെ കാറ്റിൽ നിന്നും ജലവൈദ്യുത പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർ വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

2. 2012-13 ബഡ്ജറ്റ്

(എ) ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി 1050 മെഗാവാട്ട്

(ബി) ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ട്

(സി) പെട്രോനെറ്റും കെ.എസ്.ഇ.ബി-യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട്

(ഡി) കായംകുളം വൈദ്യുതി നിലയത്തിന്റെ രണ്ടാംഘട്ട വിപുലീകരണ പദ്ധതിവഴി 1050 മെഗാവാട്ട്

(ഇ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതി

(എഫ്) 10000 വീടുകളുടെ മേൽക്കൂരയിൽ 1 കിലോവാട്ടും അതിലധികം ശേഷിയുള്ള സൗരവൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി-ക്ക് നൽകാനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതി.

(ജി) 5 ചെറിയ ജലവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1.	മാങ്കുളം	40 മെഗാവാട്ട്
2.	അപ്പർ കല്ലാർ	2 മെഗാവാട്ട്
3.	ഒലിക്കൽ	4.5 മെഗാവാട്ട്
4.	പൂവാരംതോട്	2.7 മെഗാവാട്ട്
5.	ചെമ്പുക്കടവ് III	6 മെഗാവാട്ട്
	ആകെ	55.2 മെഗാവാട്ട്

3. 2013-14 ബഡ്ജറ്റ്

ഭ്രതത്താൻകെട്ട്, ചാത്തൻകോട്ടുനട, കല്ലാർ, അരിപ്പാറ, വാളൻതോട്, മാരിപ്പുഴ, തോണിയാർ, തൊമ്മൻകുത്ത് തുടങ്ങിയ ജലവൈദ്യുത പദ്ധതികൾ

4. 2014-15 ബഡ്ജറ്റ്

(എ) സബ്സ്റ്റേഷനുകളുടെയും പവർഹൗസുകളുടേയും പരിസരത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 60 മെഗാവാട്ട് ഉല്പാദിപ്പിക്കുക.

(ബി) ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതി.

(സി) പുതുവൈപ്പിനിൽ കെ.എസ്.ഇ.ബി. പെട്രോനെറ്റ് എന്നിവയുടെ സംയുക്ത സംരംഭമായ 1200 മെഗാവാട്ട് പദ്ധതി.

(ഡി) കായംകുളം എൻ.ടി.പി.സി. നിലയത്തിൽ നാഫ്ത യൂണിറ്റുകളെ പ്രകൃതി വാതക യൂണിറ്റുകളാക്കി മാറ്റുന്നതുൾപ്പെടെ വിപുലീകരണ പദ്ധതി 1050 മെഗാവാട്ട്.

(ഇ) കൊച്ചി റിഫൈനറിയിൽ നിന്നുള്ള പെറ്റ്കോക്ക് ഉപയോഗിച്ച് 500 മെഗാവാട്ടിന്റെ വൈദ്യുത നിലയം കൊച്ചിയിൽ.

(എഫ്) 111.2 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1.	ഒലീക്കൽ	4.5 മെഗാവാട്ട്
2.	പൂവാരംതോട്	2.7 മെഗാവാട്ട്
3.	മാങ്കുളം	40 മെഗാവാട്ട്
4.	ചിന്നാർ	24 മെഗാവാട്ട്
5.	പെരുവണ്ണാമൂഴി	6 മെഗാവാട്ട്
6.	പഴശ്ശി സാഗർ	15 മെഗാവാട്ട്
7.	അരിപ്പാറ	3 മെഗാവാട്ട്
8.	ഭ്രതത്താൻകെട്ട്	16 മെഗാവാട്ട്
	ആകെ	111.2 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) NTPC-യുടെ സഹായത്തോടെ 200 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം.

(എച്ച്)22 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപാടം കഞ്ചിക്കോട്

(ഐ) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം 100 മെഗാവാട്ട് ആയി വർദ്ധിപ്പിക്കുന്ന പദ്ധതി

5. 2015-16 ബഡ്ജറ്റ്

(എ) കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.ഡി.സി-യും സംയുക്ത സംരഭമായി ചീമേനിയിൽ ആരംഭിക്കുന്ന കൽക്കരി അധിഷ്ഠിത വൈദ്യുത നിലയം.

(ബി) പെറ്റ്കോക്ക് അടിസ്ഥാനമായ വൈദ്യുത നിലയം കൊച്ചിയിൽ

(സി) പെരുവണ്ണാമൂഴി, അപ്പർ ചെങ്കുളം പദ്ധതി, ലാൻഡ്രും തുടങ്ങിയ ജല വൈദ്യുത പദ്ധതികൾ :

ഭരണാനുമതി ലഭിച്ച താപവൈദ്യുത പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഭരണാനുമതി ലഭിച്ച താപ വൈദ്യുത പദ്ധതികൾ

1. ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ടിന്റെ പദ്ധതി

2. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതി.

(ബി) പ്രഖ്യാപിച്ച ജലവൈദ്യുത പദ്ധതികളിൽ വിലങ്ങാട്, ചിമ്മിനി, ആഢ്യൻപാറ എന്നിവ ഒഴിച്ച് മറ്റു പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചിട്ടില്ല. പദ്ധതിക്കാവശ്യമായ ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസംമൂലവും പരിസ്ഥിതി, വനം വകുപ്പുകളിൽനിന്നും പദ്ധതിക്കാവശ്യമായ ക്ലിയറൻസ് യഥാസമയം ലഭിക്കാത്തതിനാലും പ്രകൃതിക്ഷോഭം, തദ്ദേശവാസികളുടെ എതിർപ്പ് എന്നിവമൂലവും ചില പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ലക്ഷ്യമിട്ട ഉല്പാദനം സാദ്ധ്യമായിട്ടില്ല. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ കുറവു കാരണവും ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ വിലയിലെ അസ്ഥിരത കാരണവും വാതകാധിഷ്ഠിത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതും കൽക്കരി, കാറ്റിൽ നിന്നുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കഴിയാത്തതും ലക്ഷ്യമിട്ട ഉല്പാദനം കൈവരിക്കാൻ കഴിയാത്തതിന് കാരണമാണ്

LIBRARY ARCHIVES Kerala Legislative Assembly